കേരള സർക്കാർ

സംഗ്രഹം

തദ്ദേശ്സ്വയംഭരണ വകുപ്പ് – ജീവനക്കാര്യം – ശ്രീ.ജി.സതീശൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 19820/12 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 984/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 11/04/2013

പരാമർശം :
1. റിട്ട് പെറ്റിഷൻ നം.19820/12 മേലുള്ള ബഹു.ഹൈക്കോടതിയുടെ 22/8/2012 ലെ വിധിന്യായം
2. 20/9/2012 ലെ ശ്രീ.ജി.സതീശന്റെ അപേക്ഷ
3. 9/8/2012, 26/11/2012 എന്നീ തീയതികളിലെ കായംകുളം നഗരസഭാ സെക്രട്ടറിയുടെ പി.എച്ച് 1 1929/12 നം കത്തുകൾ
4. 4/9/2012, 16/1/2013 എന്നീ തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഇ 2 13385/12 നം കത്തുകൾ

## ഉത്തരവ്

കായംകുളം നഗരസഭയിൽ 2003 മാർച്ച് 6 മുതൽ കണ്ടിജൻസി വിഭാഗത്തിൽ താൽക്കാലിക ജീവനക്കാരനായി ഡ്രൈവർ തസ്തികയിൽ ജോലിചെയ്ത് വന്ന ശ്രീ.ജി.സതീശൻ ഒഴിവ് വരുന്ന കണ്ടിജൻസി വിഭാഗത്തിൽ ഉൾപ്പെടുത്തി സ്ഥിരനിയമനം ലഭിക്കുന്നതിന് വേണ്ടി റിട്ട് പെറ്റീഷൻ നം.19820/12 ഫയൽ ചെയ്തിരുന്നു. ടി റിട്ട് പെറ്റീഷൻമേലുള്ള പരാമർശം 1 പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിൽ 25/7/2012 ലെ കായംകുളം നഗരസഭാ കൗൺസിലിന്റെ 2 ാം നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കാനും വിധിന്യായം ലഭിച്ച് 3 മാസത്തിനകം ഇക്കാര്യത്തിൽ തീരുമാനമെടുക്കാനും സർക്കാരിന് നിർദ്ദേശമുണ്ടായിരുന്നു.

കായംകുളം നഗരസഭാ കൗൺസിലിന്റെ 25/7/2012 ലെ 2 ാം നം. തീരുമാനത്തിൽ ശ്രീ.ജി.സതീശനെ കണ്ടിജന്റ് വിഭാഗത്തിൽ പകരക്കാരുടെ

ലിസ്റ്റിൽ ഉൾപ്പെടുത്തി മാനുഷിക പരിഗണനവെച്ച് സ്ഥിരം നിയമനം നൽകുന്നതിന് അനുമതിക്കായി സർക്കാറിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു.

മേൽ കോടതി ഉത്തരവ് പ്രകാരം ഹർജിക്കാരന്റെ പരാമർശം 2 ലെ അപേക്ഷ നഗരകാര്യ ഡയറക്ടറുടെയും കായംകുളം നഗരസഭാ സെക്രട്ടറിയുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

പി.എസ്.സി മുഖേന നിയമനം നടത്തുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ വ്യവസ്ഥയില്ലാത്തതിനാൽ ശ്രീ.ജി.സതീശന് കായംകുളം നഗരസഭയിൽ ഡ്രൈവർ തസ്തികയിൽ സ്ഥിരനിയമനം നൽകണമെന്ന അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽകോടതി ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വ.ജനറൽ, എറണാംകുളം (ആമുഖകത്ത് മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കായംകുളം നഗരസഭ
ശ്രീ.ജി.സതീശൻ (കായംകുളം നഗരസഭാ സെക്രട്ടറിമുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**